# പത്രക്കുറിപ്പ്

## ശബ്ദം കൂട്ടി ഉച്ചഭാഷിണി പ്രവർത്തിപ്പിച്ചാൽ പിടി വീഴും

തിരുവനന്തപുരം: അനുവദനീയമായ തോതിലും കൂടുതൽ ശബ്ദത്തിൽ ഉച്ചഭാഷിണികൾ ഉപയോഗിച്ചവർക്കെതിരെ സിറ്റി പോലീസ് കേസ് രജിസ്റ്റർ ചെയ്തു. വഞ്ചിയൂർ സ്റ്റേഷൻ പരിധിയിലെ ശ്രീകണ്ഠേശ്വര ക്ഷേത്രം, മെഡിക്കൽ കോളേജ് സ്റ്റേഷൻ പരിധിയിലെ ഗൗരീശപട്ടം ക്ഷേത്രം, മ്യൂസിയം സ്റ്റേഷൻ പരിധിയിലെ ജവഹർ നഗർ ബാലസുബ്രഹ്മണ്യ ക്ഷേത്രം എന്നിവിടങ്ങളിലെ ഉത്സവവുമായി ബന്ധപ്പെട്ട് അനിയന്ത്രിതമായ തോതിൽ ശബ്ദമലിനീകരണം നടത്തിയതിനാണ് കേസെടുത്തത്. ഈ ക്ഷേത്രങ്ങളിലെ ഭാരവാഹികളും ഉത്സവ കമ്മിറ്റി അംഗങ്ങൾക്കെതിരെയും മൈക്ക് ഓപ്പറേറ്റർമാർക്കെതിരെയുമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ജില്ലാ കളക്ടറുടെ ശബ്ദമലിനീകരണ സ്ക്വാഡിലെ അംഗങ്ങൾ ശബ്ദമലിനീകരണം പരിശോധിച്ച് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേസുകൾ രജിസ്റ്റർ ചെയ്തത്.

നഗരത്തിലെ വിവിധ ഉത്സവങ്ങളുമായി ബന്ധപ്പെട്ടും അല്ലാതെയും അനുവദനീയമായ തോതിൽ കൂടുതൽ ശബ്ദത്തിൽ ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നത് കണ്ടാൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് മൈക്ക് സെറ്റും അനുബന്ധ ഉപകരണങ്ങളും കണ്ട്കെട്ടുമെന്ന് സിറ്റി പോലീസ് കമ്മീഷണർ പി. പ്രകാശ് അറിയിച്ചു. രാത്രി 10 മണി മുതൽ രാവിലെ 6 മണി വരെയുള്ള ഉച്ചഭാഷിണി ഉപയോഗവും കർശനമായി നിരോധിക്കും. ഇതിലേക്കായി പോലീസ് പട്രോളിംഗ് ശക്തമാക്കും. ഷാഡോ പോലീസിന്റെ സേവനവും ഇതിനായി വിനിയോഗിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

ജില്ലാ പോലീസ് മേധാവി
തിരുവനന്തപുരം സിറ്റി

P. PRAKASH IPS
Commissioner of Police
Thiruvananthapuram City

Office of the DIG & District Police Chief ★ Thiruvananthapuram City ★